പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2232 | 08.07.2015- ൽ മറുപടി നല്കേണ്ടത്. |

## ആലപ്പുഴ ജനറൽ ആശുപത്രിയുടെ അവസ്ഥ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ. എം. ആരിഫ് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പട്ടണത്തിൽ സ്ഥിതിചെയ്യുന്നതും മെഡിക്കൽ കോളേജ് ആശുപത്രിയായി പ്രവർത്തിക്കുന്നതുമായ ആലപ്പുഴ ജനറൽ ആശുപത്രിയുടെ ഇന്നത്തെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ആവശ്യത്തിനു ഡോക്ടറോ പാരാ മെഡിക്കൽ ജീവനക്കാരോ ഇല്ലാത്തതും അവശ്യമരുന്നുകളുടെ അഭാവവും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഡോക്ടർമാരുടെ 11 ഒഴിവും പാരാ മെഡിക്കൽസ്റ്റാഫിന്റെ 12 ഒഴിവുമാണ് ആലപ്പുഴ ജനറൽ ആശുപത്രിയിൽ നിലവിലുള്ളത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ടി ആശുപത്രിക്കാവശ്യമായ മരുന്നുകൾ ലഭ്യമാകുന്നുണ്ട്. കൂടാതെ അത്യാവശ്യം വേണ്ട മരുന്നുകൾ ആശുപത്രി ഫണ്ടിൽ നിന്നും വാങ്ങി നൽകുന്നുണ്ട്. |
| സി) | പ്രസ്തുത ആശുപത്രിയെ കാലാനുസൃതമായി പരിഷ്കരിക്കാനും അവശ്യ മരുന്നും ജീവനക്കാരും ഉണ്ടെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ? | സി) | 2014-15 സാമ്പത്തിക വർഷത്തിൽ ടി ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റിന്റെ സിവിൽ വർക്കിനായി 28 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി ആശുപത്രിയിൽ അസറ്റ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 1,04,35,065/- രൂപ ചെലവിൽ 2014-15 സാമ്പത്തിക വർഷത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻഓഫീസർ